**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യവിഭവ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ പി . ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യ ഉപഭോഗം കൂടിവരുന്ന സാഹചര്യത്തിൽ ഉൾനാടൻ മത്സ്യോത്പാദനം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനായി നിയമവിരുദ്ധ മത്സ്യബന്ധനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനും പരിപാലന ത്തിനുമായി സംസ്ഥാന ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ സുസ്ഥിര വികസനം, മാനേജ്മെന്റ്, സംരക്ഷണം, പ്രജനനം, പരിരക്ഷ, ഉപയോഗപ്പെടു ത്തൽ എന്നിവയ്ക്കും മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യങ്ങളെയും മറ്റ് ജലജീവികളേയും ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ 2010 ൽ കേരള ഉൾനാടൻ ഫിഷറീസും, അക്വാകൾച്ചറും ആക്ടും ആയതിനനുസരിച്ചുള്ള 2013 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളും രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) നിയമം ഓർഡിനൻസായി പുറപ്പെടുവിക്കു കയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി മത്സ്യവിഭവ ങ്ങളുടെ സംരക്ഷണത്തിനായി നിയമവിരുദ്ധ മത്സ്യബന്ധനം തടയുന്നതിനായി കായൽ പട്രോളിംഗ് നടത്തി വരുന്നു. പട്രോളിംഗ് വഴി മത്സ്യസമ്പത്തിന്റെ സുസ്ഥിരതയ്ക്ക് കോട്ടം വരുത്തുന്ന നിരോധിത മത്സ്യബന്ധന പ്രവർത്തനങ്ങൾ, പൊതുജലാശയങ്ങളിലെ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവ തടയാൻ |

| | | | |
|---|---|---|---|
| | | | കഴിയുന്നതാണ്. ഇതിനായി പട്രോളിംഗ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. മാത്രവുമല്ല അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഊന്നി/ചീന വലകൾ നീക്കം ചെയ്യുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | മത്സ്യവിഭവങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംരക്ഷിത മേഖലകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. കരിമീൻ പോലെയുള്ള തനത് മത്സ്യങ്ങളുടെ പ്രജനനത്തിനും സംരക്ഷണത്തിനും സംരക്ഷിത മേഖലകൾ അനിവാര്യമാണ്. ജലമലിനീകരണം, ജലാശയങ്ങളിലെ മത്സ്യബന്ധന പ്രവർത്തനങ്ങൾ എന്നിവ കരിമീൻ പോലെയുള്ള മത്സ്യങ്ങളുടെ മുട്ട നശിച്ച് പോകാൻ കാരണമാകുന്നു. ആയതിനാൽ 8-12 ppt ലവണത്വമുള്ളതും, മിതമായ ജലമൊഴുക്ക് ഉള്ളതും, 1 മീറ്റർ ആഴമുള്ളതുമായ പ്രദേശങ്ങൾ കണ്ടെത്തി മത്സ്യസംരക്ഷണ മേഖലകളാക്കാവുന്ന താണ്. ആയതനുസരിച്ച് മത്സ്യവിഭവങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംരക്ഷിത മേഖലകൾ സ്ഥാപിക്കുക, നശിച്ച പോയ ആവാസ വ്യവസ്ഥകളെ പുനസ്ഥാപിക്കുക എന്നീ ലക്ഷ്യത്തോടെ വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി. ഇത്തരം സംരക്ഷിത മേഖലകളുടെ ഭാഗത്ത് എല്ലാ വിധത്തിലുള്ള മത്സ്യബന്ധന പ്രവർത്തനവും നിരോധിച്ചിട്ടുണ്ട്. വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായി അഷ്ടമുടി, വേമ്പനാട് കായലുകളിൽ കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന 25 മത്സ്യ സംരക്ഷിത പ്രദേശങ്ങളും, 25 കറുത്ത കക്ക സംരക്ഷിത പ്രദേശങ്ങളും സൃഷ്ടിച്ച വരുന്നു. |
| (ഡി) | ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ കണ്ടൽക്കാടുകളുടെ പ്രാധാന്യം ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. കണ്ടൽക്കാടുകൾ മത്സ്യത്തിന്റെ പ്രജനനം പ്രോത്സാഹിപ്പിക്കുന്നതിനും സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും, മണ്ണൊലിപ്പ് തടയുന്നതിനും ചെമ്മീൻ ഉൾപ്പെടെയുള്ള പലതരത്തി ലുള്ള മത്സ്യക്കുഞ്ഞുങ്ങൾ എന്നിവയ്ക്ക് സ്വതന്ത്ര പരമായി വിഹരിക്കുന്നതിനും അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നു. കൂടാതെ പ്രകൃതി ക്ഷോഭങ്ങളിൽ നിന്നും ഒരു പരിധിവരെ തീരത്തെ സംരക്ഷിക്കുകയും ചെയ്യുന്നു. വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായി വേമ്പനാട്, അഷ്ടമുടി കായലുകളുടെ തീരത്ത് കണ്ടൽക്കാടുകൾ വച്ച് പിടിപ്പിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ